**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **19-01-2021 - ല്‍ മറുപടിയ്ക്ക്**

**കാര്‍ഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് നൂതന പദ്ധതികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കാരാട്ട് റസാഖ് ,<br>ശ്രീ. ബി. ഡി. ദേവസ്സി ,<br>കെ . വി . വിജയദാസ്,<br>ശ്രീ കെ. കുഞ്ഞിരാമന്‍ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം കാര്‍ഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കാര്‍ഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി പ്രധാന വിളകളായ നെല്ല്, പച്ചക്കറികള്‍, തെങ്ങ്, ഫലവിളകള്‍ എന്നിവയുടെ ഉല്‍പാദനത്തില്‍ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കഴിഞ്ഞ നാല് വര്‍ഷമായി ഭക്ഷ്യവിള ഉല്‍പാദനത്തില്‍ ശ്രദ്ധ കേന്ദ്രീകരിച്ചു. പയര്‍വര്‍ഗ്ഗങ്ങള്‍, കിഴങ്ങുവര്‍ഗ്ഗങ്ങള്‍, മില്ലറ്റ്, കരിമ്പ്, എള്ള് പോലുള്ള പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ ഉല്‍പാദനത്തിനും പ്രോത്സാഹനത്തിനും ഊന്നല്‍ നല്‍കിയിട്ടുണ്ട്. കാര്‍ഷിക വിളകളുടെ വിപണനത്തിനും മൂല്യവര്‍ദ്ധനവിനും പ്രത്യേക പരിഗണന നല്‍കിയിട്ടുണ്ട്. കാര്‍ഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടര്‍ന്ന് മേഖലയുടെ കാര്‍ഷിക പുനര്‍നിര്‍മ്മാണത്തിനായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിര്‍ത്തികള്‍ക്കും ചട്ടക്കൂടുകള്‍ക്കും മാറ്റം വരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാര്‍ഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടര്‍ന്നുകൊണ്ടും തദ്ദേശ സ്ഥാപനങ്ങളും കൃഷിവകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സര്‍ക്കാര്‍ ആരംഭിച്ച നടപടികളുടെ ഭാഗമായി 25-5-2019 തീയതിയിലെ സ. ഉ നം. 66/2019/കൃഷി പ്രകാരം കാര്‍ഷിക മേഖലയെ 5 കാര്‍ഷിക പാരിസ്ഥിതിക മേഖലകളായും 23 കാര്‍ഷിക പാരിസ്ഥിതിക യൂണിറ്റുകളായും വിഭജിച്ച് സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ആസൂത്രണ ബോര്‍ഡിന്റെ 2015-ലെ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ മേല്പറഞ്ഞ സോണുകളെ മണ്ണ്, |

| | | | |
|---|---|---|---|
| | | | കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലേയും കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾ തെരഞ്ഞെടുത്താണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതു കൊണ്ട് ആ വിളയുടെ പരമാവധി ഉല്പാദനം ആ പ്രദേശത്തു നിന്നും ലഭിക്കുന്നതിനും ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനും സാധ്യമാകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ താഴെ ചേർക്കുന്നു. 1. പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പദ്ധതി 2. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി 3. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി 4. കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി 5. വൈഗ 6. പച്ചക്കറി വികസനം 'ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതി 7. നെല്ല് വികസനം 8. കൃഷി പാഠശാല 9. ബ്ലോക്ക് - തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ 10. കേരഗ്രാമം പദ്ധതി 11. നാടൻ വിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും 12. ഓഫിസ് ആട്ടോമേഷനും ഐ.റ്റി. സാങ്കേതിക വിദ്യയും 13. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അധിക ധനസഹായം 14. പുനർജ്ജനി - പ്രളയന്തര കാർഷികമേഖലയുടെ പുനഃസ്ഥാപനം 15. സുഭിക്ഷ കേരളം 16. പച്ചക്കറികൾക്ക് ഫലങ്ങൾക്കുമുള്ള അടിസ്ഥാന വില. |
| (ബി) | കാർഷിക കേരളത്തിന്റെ പുനരുദ്ധാരണത്തിനായി വിഭാവനം ചെയ്ത മുഴുവൻ പദ്ധതികളും കർഷകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സർക്കാരിന്റെ ഭരണാനുമതി ആവശ്യമായ ഏകദേശം എല്ലാ പ്രോജക്റ്റുകൾക്കും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് സമയബന്ധിതമായി തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന/ജില്ല/ ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിലെ പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ അവരുടെ ചുമതലയിലുള്ള ജില്ലകളിലെ പദ്ധതി നടത്തിപ്പ് പ്രത്യേകം നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| (സി) | കർഷകരുടെ വിവിധ കാർഷികാവശ്യങ്ങൾക്കായി എത്ര കോടി രൂപയുടെ കാർഷിക വായ്പ ഈ സർക്കാർ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; | (സി) | കർഷകരുടെ വിവിധ കാർഷികാവശ്യങ്ങൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗബാങ്കുകൾ മുഖേന വിതരണം ചെയ്ത വായ്പത്തുകയുടെ outstanding കണക്കു ചുവടെ |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു കൂടാതെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന 57024.64 കോടി രൂപയും കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇക്കാലയളവിൽ കർഷകരുടെ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് സർക്കാർ അനുവദിച്ച മൊറട്ടോറിയത്തിന്റെ വിശദാംശം നൽകുമോ; | (ഡി) | 2018-19 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തോടനുബന്ധിച്ച് ദുരന്ത ബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ വായ്പ എടുത്തിട്ടുള്ളവർക്കു മൊറൊട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടുള്ള നിർദേശങ്ങൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗബാങ്കുകൾക്കു നൽകുകയുണ്ടായി . മൊറൊട്ടോറിയം പ്രഖ്യാപിച്ചതിന്റെ ഭാഗമായുള്ള പ്രധാന ഇളവുകളുടേയും ആനുകൂല്യങ്ങളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു. കാർഷിക വിള വായ്പ നിലവിലുള്ള വിള /വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ഒരു വർഷം വരെ മൊറൊട്ടോറിയവും തുടർന്ന് തിരിച്ചടവിന് 2 മുതൽ 5 വർഷം വരെ അധിക കാലാവധിയും കൃഷി ആവശ്യത്തിന് നിലവിലെ തോത് അനുസരിച്ചും ഭൂമിയുടെ വിസ്തീർണ്ണം, വിളവിന്റെ സ്വഭാവം എന്നിവയ്ക്കനുസരിച്ചും മാർജിനോ അധിക ഈടോ ഇല്ലാത്ത പുതിയ വായ്പ നിലവിലുള്ള വായ്പയ്ക്കും പുതിയ വായ്പയ്ക്കും നിശ്ചിത കാലാവധി വരെ സാധാരണ പലിശ മാത്രം, പിഴപലിശ ഇല്ല മറ്റു കാർഷിക വായ്പകൾ വിളനാശം ഉണ്ടായവർക്കും അതോടൊപ്പം വളർത്തുമൃഗങ്ങൾ, കാർഷികോപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്കും നിലവിലെ വായ്പകൾക്ക് 12 മുതൽ 18 മാസം വരെ മൊറൊട്ടോറിയം നിലവിലുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിനു 1 വർഷം മുതൽ 5 വർഷം വരെ അധിക കാലാവധി കന്നുകാലികൾ കാർഷികോപകരണങ്ങൾ മറ്റ് കാർഷികാവശ്യങ്ങൾ എന്നിവയ്ക്കായി ആവശ്യാനുസരണം പുതിയ വായ്പ പുതിയ വായ്പകൾക്ക് വേറെ ഈടോ ഗ്യാരന്റിയോ നൽകേണ്ടതില്ല |
| (ഇ) | ഈ സർക്കാർ അധികാരമേറ്റശേഷം മുൻ സർക്കാരിന്റെ കാലയളവിലുള്ള കുടിശ്ശികയുൾപ്പെടെ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ? | (ഇ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മുൻ സർക്കാരിന്റെ കാലയളവിലുള്ള കുടിശ്ശികയുൾപ്പെടെ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിന് 2020 ഡിസംബർ 31 വരെ 2112.09754 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | കാലയളവ് | തുക ( കോടി ) |
|---|---|---|
| 1 | ജൂൺ 2016 വരെ | 55944 |
| 2 | മാർച്ച് 2017 വരെ | 61457 |
| 3 | മാർച്ച് 2018 വരെ | 69344 |
| 4 | മാർച്ച് 2019 വരെ | 80803 |
| 5 | മാർച്ച് 2020 വരെ | 82221 |
| 6 | സെപ്റ്റംബർ 2020 വരെ | 82121 |